ഓവർചെക്കിംഗും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിനകത്തെ ചരക്ക വാഹനങ്ങളുടെ പരിശോധനയും കർശനമാക്കിയിട്ടുണ്ട്. Economic Intelligence Wing പുറം ഏജൻസികളിൽനിന്നും ശേഖരിക്കുന്ന രേഖകൾ ഡീലർമാരുടെ റിട്ടേണുകളുമായി ഒത്തുനോക്കി നികുതി വെട്ടിപ്പുകൾ കണ്ടുപിടിക്കുന്നുണ്ട്. നികുതി വെട്ടിപ്പിന് കൂടുതൽസാധ്യതയുള്ള ചരക്കുകളിൽമുൻകൂർനികുതി ഏർപ്പെടുത്തുകയും ആയതിന്റെ തറവില സമയാസമയങ്ങളിൽപുനർനിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ആദായ നികുതി, കസ്റ്റംസ് തുടങ്ങിയ കേന്ദ്ര ഏജൻസികളുമായി സഹകരിച്ച് 360 ഡിഗ്രി മോണിറ്ററിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. അവരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.*

(ഇ) നടപ്പുസാമ്പത്തിക വർഷം നികുതി നിർണ്ണയത്തിലെ അപാകതകൾ വകുപ്പിലെ ഇന്റേണൽ ആഡിറ്റ് വിഭാഗവും അക്കൗണ്ടന്റ് ജനറലും ചൂണ്ടി ക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയംനടത്തി നികുതി പിരിച്ചെടു ക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇന്റലിജൻസ് വിഭാഗം വാഹന പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾക്കനുസൃതമായി സർക്കാരിന് 21.54 ലക്ഷം രൂപ നാളിതുവരെ സെക്യൂരിറ്റി ഡെപ്പോസിറ്റായി ലഭിച്ചിട്ടുണ്ട്.

## വാണിജ്യ നികുതി വകുപ്പിന്റെ ആംനസ്റ്റി പദ്ധതി

**167 (507)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാണിജ്യ നികുതി വകുപ്പ് ആംനസ്റ്റി പദ്ധതി നടപ്പാക്കിയത് എപ്പോൾ മുതലാണ്;

(ബി) ആംനസ്റ്റി പദ്ധതിയുടെ ലക്ഷ്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ഏതു കാലാവധി വരെയാണ് പദ്ധതി നടപ്പിലാക്കിയത്;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം എത്ര തുകയുടെ ഇളവുകളാണ് വ്യാപാരികൾക്കു നൽകിയതെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി പ്രകാരം എത്ര തുകയുടെ കുടിശ്ശിക പിരിച്ചെടുത്തുവെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള പൊതുവിൽപ്പന നികുതി നിയമപ്രകാരം 2004-05 സാമ്പത്തിക വർഷംവരെയുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനുവേണ്ടി 2013-ൽ ഒരു പുതിയ ആംനസ്റ്റി പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇതിന്റെ കാലാവധി 31-12-2013 വരെയായിരുന്നു. എന്നാൽ മൂല്യവർദ്ധിത നികുതി വരുന്നതിനുമുമ്പുള്ള കുടിശ്ശികകൾ തീർക്കുന്നതിനുള്ള പദ്ധതിയായതിനാലും വിവിധ മേഖലകളിൽ നിന്നുള്ള ആവശ്യം പരിഗണിച്ചും ഈ പദ്ധതിയുടെ കാലാവധി ഓഗസ്റ്റ് 31, 2014 വരെ ദീർഘിപ്പിച്ചു ഈ തീയതിയ്ക്കുള്ളിൽ ഓപ്ഷൻ നൽകിയവർക്ക് കുടിശ്ശിക ഒടുക്കേണ്ട അവസാന തീയതി 31-12-2014 ആണ്.

ഇതുകൂടാതെ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി 2008-ൽ പ്രാബല്യത്തിൽ ഉണ്ടായിരുന്ന ആംനസ്റ്റി പദ്ധതി, അതേ വ്യവസ്ഥകൾക്ക് വിധേയമായി കേരള ധനകാര്യ നിയമം 2014 പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന് ഓപ്ഷൻ നൽകുന്നതിനുള്ള അവസാന തീയതി ജൂലൈ 31, 2014 വരെ യായിരുന്നു. കുടിശ്ശിക അടച്ചു തീർക്കാനുള്ള തീയതി ഡിസംബർ 31, 2014 ആണ്. കാർഷികാദായ നികുതിക്കും 2008-ൽ നിലവിലുണ്ടായിരുന്ന കാർഷികാദായ നികുതി ആംനസ്റ്റി വ്യവസ്ഥകൾക്ക് വിധേയമായി നടപ്പിലാക്കുന്നതിനും കേരള ധനകാര്യനിയമം 2014 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഓപ്ഷൻ നൽകുന്നതിനുള്ള അവസാന തീയതി ഓഗസ്റ്റ് 31, 2014 വരെയും കുടിശ്ശിക അടച്ചുതീർക്കാനുള്ള തീയതി ഡിസംബർ 31, 2014 വരെയും ആണ്.

(ബി) കേരള മൂല്യവർദ്ധിത നികുതി നിലവിൽ വരുന്നതിനുമുമ്പുള്ള അതായത് 2004-05 സാമ്പത്തികവർഷംവരെയുള്ള കെ.ജി.എസ്.ടി. നിയമപ്രകാരം പിരിച്ചെടുക്കാൻ കഴിയാത്ത നികുതി കുടിശ്ശികകൾ ചില ആകർഷകമായ ആനുകൂല്യങ്ങൾ നൽകി പരമാവധി പിരിച്ചെടുക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(സി) കെ.ജി.എസ്.ടി. നിയമത്തിൻകീഴിലുള്ള 31-3-2005 വരെയുള്ള കുടിശ്ശിക ഒടുക്കുന്നതിനാണ് ഈ പദ്ധതി നടപ്പിലാക്കിയത്.

(ഡി) ഈ പദ്ധതി പ്രകാരം പൊതുവില്പന നികുതി നിയമത്തിലെ 23B വകുപ്പ് പ്രകാരം കുടിശ്ശികക്കാരന് താഴപ്പറയുന്ന ഇളവുകളാണ് ലഭ്യമാകുന്നത്;

- 1991 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 75 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും മുതലിന്റെ 25 ശതമാനവും ഒഴിവാകും.

- 1991-92 മുതൽ 1995-96 കാലത്തേയ്ക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും ഒഴിവാകും.

- 1996-97 മുതൽ 1999-2000 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശ, പിഴ എന്നിവയുടെ 5 ശതമാനം വീതം മാത്രം ഒടുക്കിയാൽ മതിയാകും.

- 2000-01 മുതൽ 2004-05 കാലത്തേക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10 ശതമാനം വീതം നൽകിയാൽ മതിയാകും. നികുതിയുടെ 100 ശതമാനവും അടയ്ക്കേണ്ടതുണ്ട്.

- നികുതി മുഴുവനും അടച്ചുകഴിഞ്ഞ, പലിശ മാത്രം അടയ്ക്കാനുള്ള കേസുകളിൽ പലിശയുടെ 10 ശതമാനം തുക മാത്രം അടച്ചാൽ മതിയാകും.

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് കേരള പൊതു വില്പന നികുതി നിയമത്തിലെ 23 BA വകുപ്പുപ്രകാരം പലിശയും പിഴയും പൂർണ്ണമായും ഒഴിവാകുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ മുതലിന്റെ 50 ശതമാനത്തിൽ കുടിശ്ശിക തീർപ്പാക്കാവുന്നതാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്നവ യാണെങ്കിൽ മുതലിന്റെ 25 ശതമാനം മാത്രം ഒടുക്കിയാൽ മതിയാകും.

കാർഷികാദായ നികുതി കുടിശ്ശികയുള്ളവർക്ക് കേരള കാർഷികാദായ നികുതി നിയമത്തിലെ 37 സി വകുപ്പുപ്രകാരം താഴപ്പറയുന്ന ആനുകൂല്യങ്ങളാണ് ലഭ്യമാകുക.

- 1991 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 75 ശതമാനം ഒടുക്കിയാൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പലിശയും പിഴയും പൂർണ്ണമായും മുതലിന്റെ 25 ശതമാനവും ഒഴിവാകും.

- 1991-92 മുതൽ 1995-96 കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും ഒഴിവാകും.

- 1996-97 മുതൽ 1999-2000 വരെയുള്ള കാലത്തേയ്ക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശ, പിഴ എന്നിവയുടെ 5 ശതമാനം വീതം മാത്രം ഒടുക്കിയാൽ മതിയാകും.

- 2000-01 മുതൽ 2004-05 കാലത്തേക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10 ശതമാനം വീതം നൽകിയാൽ മതിയാകും. നികുതിയുടെ 100 ശതമാനവും അടയ്ക്കേണ്ടതുണ്ട്.

ഈ ആനുകൂല്യം ലഭിക്കുന്നതിന് നിലവിലുള്ള അപ്പീലോ മറ്റു കേസുകളോ പിൻവലിക്കേണ്ടതുണ്ട്.

(ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## ബഡ്ജറ്റ് വരുമാനം

**168 (508)** ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്കും പരിപാടികൾക്കും പുറമേ ഏതെങ്കിലും വകുപ്പിൽ പുതുതായി എന്തെങ്കിലും പദ്ധതിയോ, പരിപാടിയോ നടപ്പിലാക്കാൻ തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ ; എങ്കിൽ അവ എന്തൊക്കെയാണെന്നും അതുവഴി ഉണ്ടാകുന്ന അധിക ചെലവിന് പ്രതീക്ഷിക്കുന്നത് എത്ര കോടിയാണെന്നും വെളിപ്പെടുത്താമോ ;

(ബി) 2014-15-ലെ ബഡ്ജറ്റിൽ പ്രതീക്ഷിച്ച റവന്യൂ വരുമാനത്തിൽ പിന്നീട് സർക്കാർ എടുത്ത നയപരമായ തീരുമാനങ്ങളുടെ ഭാഗമായി ഉണ്ടാകാവുന്ന വരുമാനത്തിലെ കുറവ് എത്ര കോടിയായിരിക്കുമെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly